എക്സറേ യൂണിറ്റുകൾ

142 [2634] ശ്രീ. റോഷി അഗസ്റ്റിൻ:

" തോമസ് ചാഴികാടൻ:

" കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല സർക്കാർ ആശുപത്രികളിലും എക്സറേ യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അവ പ്രവർത്തിക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്തുകൊണ്ടാണ് പ്രസ്തുത യൂണിറ്റുകൾ പ്രവർത്തന ക്ഷമമല്ലാത്തത് എന്ന് അറിയിക്കാമോ;

(സി) എക്സറേ യൂണിറ്റുകൾ പ്രവർത്തിക്കാത്തതുമൂലം നിർദ്ധനരായ രോഗികൾ അമിതമായി തുക നൽകി സ്വകാര്യ എക്സറേ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടിവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ സർക്കാർ ആശുപത്രികളിൽ പ്രവർത്തനരഹിതമായി കിടക്കുന്ന എക്സറേ യൂണിറ്റുകൾ അടിയന്തിരമായി പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ചില സർക്കാർ ആശുപത്രികളിൽ സ്ഥാപിച്ചിട്ടുള്ള എക്സറേ യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) യന്ത്രത്തിനുള്ള തകരാറ്, വൈദ്യുതി തകരാറുകൾ, അനുബന്ധ സാമഗ്രികളുടെയും സുരക്ഷാക്രമീകരണങ്ങളുടെയും അഭാവം, ടെക്നീഷ്യന്റെ അഭാവം എന്നിങ്ങനെയുള്ള വിവിധ കാരണങ്ങൾ മൂലമാണ് യൂണിറ്റുകൾ പ്രവർത്തന രഹിതമാകുന്നത്.

(സി) എക്സറേ യൂണിറ്റുകൾ പ്രവർത്തനരഹിതമാകുന്നത് മുകളിൽ സൂചിപ്പിച്ചവയിൽ താൽക്കാലിക കാരണങ്ങൾ മൂലമാണെങ്കിൽ അവ ഉടൻ പരിഹരിച്ച് ടി യൂണിറ്റുകൾ പ്രവർത്തനയോഗ്യമാക്കി ആശുപത്രികളിൽ വരുന്ന രോഗികൾക്ക് അവയുടെ സേവനം ഉറപ്പുവരുത്താറുണ്ട്. സങ്കീർണ്ണമായ കേടുപാടുകൾ തീർക്കുന്നതിന് കാലതാമസമുണ്ടാകുമ്പോൾ ആ കാലയളവിൽ രോഗികൾ സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പ്രവർത്തനരഹിതമായി കിടക്കുന്ന എക്സറേ യൂണിറ്റുകൾ പ്രവർത്തന സജ്ജമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly